പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം<br>നം. 635 | 28.9.2011-ൽ മറുപടിക്ക് |
|---|---|

## കൊട്ടാരക്കര താലൂക്കാശുപത്രിയിലെ മെറ്റേണിറ്റി ബ്ലോക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ മെറ്റേണിറ്റി ബ്ലോക്കിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ അടിസ്ഥാനകാരണം എന്താണ്;<br><br>ബി) വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് അനുബന്ധമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ;<br><br>സി) അടിയന്തരമായി ഫണ്ട് ലഭ്യമാക്കി മെറ്റേണിറ്റി ബ്ലോക്കിന് വൈദ്യുതി ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | എ), ബി) & സി)<br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ മെറ്റേണിറ്റി ബ്ലോക്കിൽ വൈദ്യുതി കണക്ഷൻ കിട്ടണമെങ്കിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. അതിന്റെ പണികൾ നടന്നു വരുകയാണ്. പ്രസ്തുത ആവശ്യത്തിനായി ജില്ലാ കളക്ടറുടെ ഇന്നോവേഷൻ ഫണ്ടിൽ നിന്നും 35 ലക്ഷം രൂപ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും ജില്ലാ കളക്ടർ അപേക്ഷ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ